# നെൽപ്പാടങ്ങളിൽ വാഴകൃഷി: ഒളിഞ്ഞിരിക്കുന്നത് വൻവിപത്ത്

സ്വന്തം ലേഖിക



പാലക്കാട്: ആയിരത്തോളം ഹെക്ടർ നെൽവയൽ കവൈത്ത് ആസ്ഥാനമായ ഫ്രഷ്ഫ്രൂട്സ് കമ്പനിക്ക് വാഴകൃഷിക്കായി പാട്ടത്തിന് നൽകാനുള്ള നീക്കം കേരളത്തിനു ഭീഷണി ഉയർത്തുന്നു. കേരളത്തിലെ കാർഷികമേഖലയെ തകർത്തുകൊണ്ട് സാമൂഹ്യസാമ്പത്തിക രംഗത്ത് വൻ പ്രത്യാഘാതം സൃഷ്ടിച്ചേക്കാവുന്ന ഈ പദ്ധതി ആരോഗ്യത്തിനും ദോഷകരമാകുമെന്നാണ് വസ്തുത.

പാലക്കാട് ജില്ലയിലെ എരിമയൂർ, എലവഞ്ചേരി പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ ചിലതാണ് പാട്ടത്തിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്. പാടശേഖരസമിതികളും കൃഷിവകുപ്പുമായും ഇതു സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ഏക്കറിന് 8000 രൂപ പാട്ടത്തുകയും ഭൂമി നൽകുന്ന കുടുംബങ്ങളിൽ ഒരാൾക്കു വീതം ജോലിയും നൽകിയാണ് വാഴക്കമ്പോളം ഇവിടെ പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നത്. പഴങ്ങൾ വിദേശത്തേക്ക് കയറ്റുമതി ചെയ്യാനാണ് പദ്ധതി. വിളവ് ധാരാളമുണ്ടെങ്കിൽ ജാം, സ്ക്വാഷ് എന്നിവയുണ്ടാക്കാനും ഉദ്ദേശമുണ്ട്. നെൽകൃഷി ചെയ്തു വരുന്ന സ്ഥലം വാഴകൃഷി നടത്താൻ കെ. എൽ. യു(കേരള ഭൂവിനിയോഗ) നിയമത്തിൽ നിന്ന് ഒഴിവാക്കാമെന്ന് കമ്പനിക്ക് കൃഷിമന്ത്രി ഗൗരിയമ്മ ഉറപ്പുനൽകിയിട്ടുള്ളതായി റിപ്പോർട്ട്.

| നെൽപ്പാടങ്ങളിലെ കുത്തക വാഴവ്യവസായം | 5 |
|---|---|

പ്രഥമദൃഷ്ട്യാ ലാഭകരമെന്നു തോന്നുമെങ്കിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ഈ വാഴകൃഷിയുണ്ടാക്കുക എന്നാണ് വിലയിരുത്തപ്പെടുന്നത്. കുറച്ചുകാലം കൊണ്ടുതന്നെ പ്രദേശത്തെ മണ്ണിനെ തരിശാക്കുകയും ചുറ്റുപാടിനെ വിഷലിപ്തമാക്കുകയും ചെയ്യുന്നതിനാണ് ഈ കൃഷി ഇടവരുത്തുക.

കാടുവെട്ടിയും കൃഷിഭൂമി പാട്ടത്തിനെടുത്തും കുത്തകകമ്പനികൾ വൻതോതിൽ വാഴകൃഷി നടത്തുന്നത് പല രാജ്യങ്ങളിലും നിലവിലുണ്ട്. എന്നാൽ പ്രാദേശികമായി ഏറെ ദോഷങ്ങൾ ഈ കമ്പനികൾ സൃഷ്ടിക്കുന്നതായാണ് വെളിപ്പെട്ടിട്ടുള്ളത്. ഭൂരിപക്ഷം കമ്പനികളും തുടക്കത്തിൽ വൻലാഭം കൊയ്യുകയും പിന്നീട് പൂട്ടിപ്പോവുകയും ചെയ്യുതായാണ് അനുഭവങ്ങൾ. ആർക്കും വേണ്ടാതെ കിടക്കുന്ന അവിടത്തെ തോട്ടങ്ങളിലെ തൊഴിലാളികൾ കടുത്ത ദുരിതമാണ് അനുഭവിക്കുന്നത്. വാഴക്കമ്പനികൾ വന്ന പ്രദേശങ്ങളിലെല്ലാം ഇപ്പോൾ കലാപബാധിതപ്രദേശങ്ങളായി മാറിയിട്ടുള്ളതായി അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

വാഴകൃഷിയുമായെത്തുന്ന കുത്തകകമ്പനിക്കെതിരെ പാലക്കാട്ടെ കൃഷിക്കാർ രംഗത്തെത്തിയിട്ടുണ്ട്.

# നെൽപ്പാടങ്ങളിലെ കുത്തക വാഴവ്യവസായം

അഞ്ചിൽ നിന്ന് തുടർച്ച

യും തൊഴിലാളികൾ പട്ടിണിയും രോഗങ്ങളും കാരണം നരകിക്കുകയുമാണ്. സമരങ്ങളും പ്രക്ഷോഭങ്ങളും ഇപ്പോൾ വാഴത്തോട്ടങ്ങളിൽ നിത്യസംഭവങ്ങളാണ്. തൊഴിലാളികളുടെ കുട്ടികൾ സ്കൂളിൽ പോകാൻ സാധിക്കാതെ ഒടുവിൽ വാഴത്തോട്ടങ്ങളിൽ പണിക്കായി ചേരേണ്ടി വരുന്നു. കുറഞ്ഞ കൂലിയിൽ ഇവരെക്കൊണ്ട് നന്നായി പണിയെടുപ്പിക്കാം. ഒരുതരം അടിമപ്പണി തന്നെയാണെന്ന് പറയാതെവയ്യ. ഇതിനിടയിൽ പല കമ്പനികളും പ്രവർത്തനം നിർത്തുക വരെ ചെയ്തു. ആ തോട്ടങ്ങൾ ആർക്കും വേണ്ടാതെ കിടക്കുന്ന അവസ്ഥയാണ്. തൊഴിലാളികൾ നഗരങ്ങളിലേക്ക് ജോലിയന്വേഷിച്ച് പാലായനം ചെയ്യുന്നു.

**ആരോഗ്യപ്രത്യാഘാതങ്ങൾ**

ഹൈ-ടെക് വാഴത്തോട്ടങ്ങളിൽ ഉണ്ടാകുന്ന പഴങ്ങൾക്ക് ഒരേ പോലുള്ള നിറവും മൂപ്പും ഉണ്ടാകണമെന്നത് ഒരു നിബന്ധനയാണ്. പഴത്തിൽ ഒരു പുള്ളിക്കുത്തോ ചതവോ പോലും ഉണ്ടാകാൻ പാടില്ല. അങ്ങിനെയുള്ളവ വലിച്ചെറിയുകയോ കാലിത്തീറ്റയാക്കി മാറ്റുകയോ ആണ് ചെയ്യുക. ഇത്രയും രൂപഭംഗിയിൽ ഒരേ വലുപ്പത്തിലുള്ള കായ്കൾ കിട്ടാൻ രാസവസ്തുക്കളുടേയും ഹോർമോണുകളുടേയും ഒരു ചേരുവ തന്നെയാണ് വാഴത്തോട്ടങ്ങളിൽ ഉപയോഗിക്കുന്നത്. ആയിരവും പതിനായിരവും ഹെക്ടർ വിസ്തൃതിയിലുള്ള തോട്ടങ്ങളിൽ ഹെലികോപ്റ്റർ ഉപയോഗിച്ചാണ് കീടനാശിനികൾ തളിക്കുക. വർഷത്തിൽ 40 തവണ വരെ ഇത് ഉപയോഗിക്കുന്ന സ്ഥലങ്ങളുണ്ട്. വിഷബാധയേറ്റ് കുട്ടികൾ മരിക്കുന്നത് വാഴത്തോട്ടങ്ങളിൽ സാധാരണയായിരിക്കുകയാണ്. ഇതിനും പുറമേ ക്യാൻസർ, അലർജികൾ, വൈകല്യങ്ങളോടുകൂടിയ കുട്ടികൾ ജനിയ്ക്കൽ എന്നിവയും തൊഴിലാളി കുടുംബങ്ങളുടെ കൂടപ്പിറപ്പായി മാറിയിരിക്കുന്നു. യാതൊരു വിധ മെഡിക്കൽ ആനുകൂല്യങ്ങളോ ചികിത്സാസൗകര്യങ്ങളോ ഇവർക്ക് കിട്ടുന്നുമില്ല. 1993ൽ തെക്കേ അമേരിക്കയിലെ 16,000 ത്തോളം തൊഴിലാളികൾ കീടനാശിനി വിഷബാധയേറ്റതിന്റെ പേരിൽ കമ്പനികൾക്കെതിരെ സമരം ചെയ്യുകയുണ്ടായി. 1997ൽ അമേരിക്കയിലെ വാഴക്കമ്പനികൾക്ക് 41.5 ദശലക്ഷം ഡോളർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകേണ്ടി വന്നു. തൊഴിലാളികളെ ബാധിച്ച പ്രശ്നം വന്ധ്യതയായിരുന്നു.

ഈയൊരു സാഹചര്യത്തിൽ നമ്മുടെ നാട്ടിൽ കൃഷിഭൂമി കുത്തകകമ്പനികൾക്കു പാട്ടത്തിനു കൊടുക്കാനുദ്ദേശിക്കുന്ന നടപടികളെപ്പറ്റി കൃഷിക്കാരും മറ്റെല്ലാ നാട്ടുകാരും ആലോചിക്കേണ്ടിയിരിക്കുന്നു. കൃഷിക്കാർക്ക് ലാഭമുണ്ടാക്കി കൊടുക്കാൻ വേണ്ടിയല്ല കമ്പനികൾ കൃഷി തുടങ്ങുന്നത്. അവരുടെ ലാഭമാണവർക്ക് ലക്ഷ്യം. അതിനും പുറമേ ഭൂമിയുടെ നിയന്ത്രണം കയ്യിൽ കിട്ടിയാൽ പിന്നീടവർ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കുമെന്ന് പറയാൻ വയ്യ. അതിനെ ചോദ്യം ചെയ്യാൻ സർക്കാരിനു പോലും കഴിയാത്ത അവസ്ഥയുമായിരിക്കും വരിക. ആഹാരവും വെള്ളവും ആയുധമാക്കി മാറ്റുന്ന ആധുനിക യുദ്ധതന്ത്രങ്ങൾക്ക് കേരളവും വഴിപ്പെടുന്നുവെന്ന സൂചനയാണ് ഇത്തരം ചർച്ചകൾ ചൂണ്ടിക്കാണിക്കുന്നത്. വെള്ളമടക്കം എല്ലാ സാധനങ്ങളും വിലകൊടുത്ത് വാങ്ങേണ്ടിവരുന്ന അവസ്ഥയിൽ എന്ത് സുരക്ഷിതത്വമാണ് നമുക്കുണ്ടാവുക? ഇപ്പോൾ തന്നെ ആഹാരത്തിനായി അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ലോറികളെ കാത്തിരിക്കുന്ന കേരളീയർക്ക് ആഹാരദാരിദ്ര്യം മാത്രമല്ല വിഭവങ്ങളുടേയും സംസ്കാരത്തിന്റേയും ദാരിദ്ര്യമായിരിക്കും ഉണ്ടാവുക.